# നഷ്ടപ്പെടാത്ത ഒരേയൊരു സ്വത്ത്

പണ്ട് പണ്ട് ഉത്തരേന്ത്യയിൽ ഒരു സംഗിതജ്ഞൻ ജിവിച്ചിരുന്നു.
അദ്ദേഹത്തിന്റെ മനോഹരമായ ശബ്ദംഅവിടുത്തെ ആളുകൾക്ക് ഒരുപാട് ഇഷ്ടമായിരുന്നു ഒരിക്കൽ അദ്ദെഹം മരച്ചുവട്ടിലിരുന്ന് സിതാർ വായിക്കകയായിരുന്നു .ആ മനോഹരമായ സംഗിതം കേൾക്കാൻ ആളുകൾ തടിച്ചുകടി . വലിയ ഒരു പണക്കാരൻെറ മാളികയുടെ അടുത്തായിരുന്നു ഇദ്ദേഹത്തിൻെറ സംഗിത കച്ചേരി.
അല്പം കഴിഞ്ഞപ്പോൾ അഹങ്കരിയായ ആ പണക്കാരൻെറ കാവൽക്കാർ വന്ന് അദ്ദേഹത്തിനോട് പറഞ്ഞു .



"നിങ്ങളുടെ ഈ ശബ്ദം മുതലാളിക്ക് ശല്യമാവുന്നു മര്യാദയ്ക്ക പാട്ടു നിർത്തി സ്ഥലം വിട്ടോള്ളു" .......!
അദ്ദേഹമാവട്ടെ അതു കേൾകാത്ത ഭാവത്തിൽ സിതാർ വായന തുടർന്നു. ഇത്
പണക്കാരന്റെ കാവൽക്കാർക്ക് ഇഷ്ടമായില്ല. ദേഷ്യംവന്ന അവർ അദ്ദേഹത്തിന്റെ
സിത്താർ പിടിച്ചു വാങ്ങി കൊണ്ടു പോയി .പക്ഷേ അദേ്ദഹം അപ്പോഴും ശാതനായിരുന്നു. ഇതു കണ്ടവർ അദ്ദേഹത്തോട് ചോദിച്ചു .
"സുൽത്താൻ പോലും ബഹുമാനിക്കുന്ന മഹാനായ സംഗീതജ്ഞനായ അങ്ങ് പരാതിപെടാത്തത് എന്ത്?"
അദ്ദേഹം പുഞ്ചിരിയോടെ മറുപടി പറഞ്ഞു
'എന്തിന് പരാതിപ്പെടണം . അവർ കാരണം എനിക് ഒരുനഷ്ടവും ഉണ്ടായില്ല.
സിത്താർ അല്ലേ അവർ കൊണ്ടുപോയുള്ളൂ .അത് വായിക്കാനുള്ള കഴിവ്
എന്റെ ഉള്ളിൽ തന്നെ ഉണ്ടല്ലോ .ആ അറിവില്ലാതെ സിത്താർ കൊണ്ട് അവർക്ക് എന്ത് പ്രയോജനം?'

സരിഗ സദാശിവൻ X C

# ആഹാരത്തിൽ തന്നെ മരുന്നും

വൻകിട ഔഷധനിർമാണ ശാലകളുടെ സ്ഥാ്നം ഇനി സസ്യങ്ങൾ കയ്യടക്കുമെന്നാണ് ട്രാൻസ്ജെനിക്ക് പരിഷണങ്ങൾ നൽകുന്ന സൂചന. രുചികരമായ പഴങ്ങളും പച്ചക്കറികളുമൊക്കെ കഴിച്ച രോഗം മാറ്റാം എന്ന സ്ഥിതി വന്നാൽ എങ്ങനെയിരിക്കും?

രോഗി ഇച്ഛരിച്ചതും വൈദ്യൻ കല്പിച്ചതും.......എന്ന സ്ഥിതിയാവും'.

ഹെപറ്റൈറ്റിസ്- ബി , അഞ്ചാം പനി, പോളിയോ, ഡിഫ്ത്തിരിയ, ഡയേറിയ തുടങ്ങിയ രോഗൾക്കെതിരെ പ്രയോഗിക്കാൻ കഴിയുന്ന വാഴപഴ വക്ക്സിൻ അധികം വൈകാതെ വ്യാപകമാവുമെന്നാണ വിവിധപരിക്ഷണശാലകൾ നൽക്കുന്ന സൂചന. ഹെപ്പറ്റൈറ്റിസിനെ പ്രതിരോധിക്കാൻ കാരറ്റ് വാക്സിനും ഉരുളക്കിഴങ്ങു വാക്സിനും ഫലപ്രദമാണെന്നു തെളിഞ്ഞിട്ടുണ്ട് . ഇത്തരം പഴം- പച്ചക്കറി വാക്സിനുക്കൾ എലികളിൽ പരിക്ഷിച്ചപ്പോൾ അത് വിജയകരമായിരുന്നുവെന്ന അവകാശവാദവുമായി പല ഗവേഷണ ശാലകളും രംഗത്തെത്തിയിട്ടുണ്ട്.

സിസ്റ്റിക്ക് ഫൈബ്രോസിസ് എന്ന ശ്വാസകോശരോഗത്തിൻ ചികിത്സയിൽ ഉപയോഗിക്കുന്ന ഔഷധമാണ് ആൽഫ-1 ആന്റിട്രിപ്സിൻ .അമേരിക്കയിലെ കലിഫോർണിയയിലുള്ള എ.പി.ഐ എന്ന ബയോടെക്നോളജി കമ്പനി ഈ ഔഷധമടങ്ങുന്ന അരി വികസിപ്പിച്ചെടുത്തുകഴിഞ്ഞു

അക്ഷയ് ,ആദിത്യൻ

